ജി(1)9792/18

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി 22.01.2019

## സർക്കുലർ 03/19

വിഷയം- സഹകരണ വകുപ്പ്- ഉജ്ജീവന സഹായ പദ്ധതി- ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് സഹായം നൽകുന്നത്- സർക്കുലർ നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന - 17.12.20108 ലെ സഉ(കൈ) നം. 27/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവ്.

പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ , കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലകളിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി സൂചന പ്രകാരം രൂപം നൽകി ഉത്തരവായിരിക്കുന്നു. മേൽ സാഹചര്യത്തിൽ ടി പദ്ധതി സഹകരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതു സംബന്ധിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു.

1. 2018 ലെ പ്രളയത്തിൽ സർക്കാർ പ്രളയ ബാധിത/ഉരുൾപൊട്ടൽ ബാധിത പ്രദേശമായി പ്രഖ്യാപിച്ച 1260 വില്ലേജുകളിലെ ക്ഷീര കർഷകർ, പൗൾട്രി കർഷകർ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ, സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ , കടകൾ, കിസാൻ കാർഡ് ഉടമകൾ,എന്നിവർ ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകുന്നതാണ് .

2. ദുരന്ത പ്രതികരണ നിധിയിൽ നിന്നും സഹായം നൽകാനുള്ള പട്ടികയിൽ ഉൾപ്പെട്ട ക്ഷീര കർഷകർ, പൗൾട്രി കർഷകർ, 2018 ലെ പ്രളയത്തിൽ നഷ്ടം സംഭവിച്ചവർ എന്ന് കൃഷി വകുപ്പ് സാക്ഷ്യപ്പെടുത്തിയ തേനീച്ച കർഷകർ, മൃഗസംരക്ഷണ വകുപ്പ് സാക്ഷ്യപ്പെടുത്തിയ അലങ്കാര പക്ഷി കർഷകർ, വ്യവസായ വകുപ്പ് കണ്ടെത്തിയ സൂക്ഷ്മ, ചെറുകിട, ഇടത്തര, വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾക്കും കടകൾക്കും ആയിരിക്കും ഈ പദ്ധതി പ്രകാരമുള്ള സഹായത്തിന് അർഹത.

3. ദുരന്ത ബാധിതർക്ക് അവർ ജീവനോപാധി പുനരാരംഭത്തിനായി എടുക്കുന്ന Term Loan-ന്റെ മാർജിൻ മണിയായി 2 ലക്ഷം രൂപയോ, വായ്പയുടെ 25%മോ ഏതാണോ കുറവ് ആ തുക സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.

4. ജീവനോപാധി പുനരാരംഭത്തിനായി പ്രവർത്തന മൂലധനം(Working Capital) മാത്രം എടുക്കുന്നവർക്ക് വായ്പയുടെ 25% മോ 1 ലക്ഷം രൂപയോ ഏതാണോ കുറവ് ആ തുക സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്. ജീവനോപാധി പുനരാരംഭത്തിനായി പ്രവർത്തന മൂലധനം(Working Capital) മാത്രം എടുക്കുന്നവർക്ക് അവരുടെ താല്പര്യം അനുസരിച്ച് 10 ലക്ഷം രൂപ വരേയ്ക്കും മാർജിൻ മണിയ്ക്ക് പകരം ഒരു വർഷത്തേയ്ക്ക് 9% താങ്ങ് പലിശ (Interest Subvention) സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്. സൂചന ഉത്തരവിനു മുൻപായി 2018 ലെ പ്രളയത്തിലെ നഷ്ടത്തിന് പുനരാരംഭ വായ്പ എടുത്തിട്ടുള്ള ദുരന്തബാധിതർക്കും ഇത് ബാധകമാണ്.

5. കൃഷി വായ്പ (Crop Loan) കൃത്യമായി തിരിച്ചടയ്ക്കുന്ന ദുരന്ത ബാധിതരായ കിസാൻ ക്രെഡിറ്റ് കാർഡ് ഉടമകൾക്ക് ഈ പദ്ധതി വഴി 4%താങ്ങ് പലിശ ഒരു വർഷത്തേയ്ക്ക് ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. സൂചന ഉത്തരവിനു മുൻപായി 2018 ലെ പ്രളയത്തിലെ നഷ്ടത്തിന് കൃഷി വായ്പ (Crop Loan ) എടുത്തിട്ടുള്ള കിസാൻ ക്രെഡിറ്റ് കാർഡ് ഉടമകൾക്കും ഇത് ബാധകമാണ്.

6. ഈ പദ്ധതിയിൽ അർഹരായവർക്ക് വായ്പയുടെ അംഗീകൃത അളവിൽ ഉള്ള മാർജിൻ മണിയോ, താങ്ങ് പലിശയോ ലഭിക്കുവാൻ അതത് വകുപ്പ് മേധാവികളുടെ ശുപാർശ സഹിതം അപേക്ഷ ബാങ്കിനു സമർപ്പിക്കേണ്ടതാണ്.

7. ദുരന്ത ബാധിതരായ തേനീച്ച കർഷകർക്കും, അലങ്കാര പക്ഷി കർഷകർക്കും ഈ പദ്ധതിയിൽ നിന്നും സഹായം ലഭിക്കാൻ **ഫാറം.1** പൂരിപ്പിച്ച് വകുപ്പുതല ആഫീസർക്ക് അപേക്ഷയായി സമർപ്പിക്കേണ്ടതും വകുപ്പ് തല ശുപാർശ സഹിതം അപേക്ഷ ബാങ്കിനു സമർപ്പിക്കേണ്ടതുമാണ്.

8 ദുരന്തബാധിതരായ മറ്റ് കർഷകർ/ സംരഭകർ നേരിട്ട് അപേക്ഷ ബാങ്കിന് സമർപ്പിക്കേണ്ടതും കൃഷി/ മൃഗ സംരക്ഷണ/ വ്യവസായ വകുപ്പുകളിൽ നിന്നും ലഭിച്ച ദുരന്ത ബാധിതരുടെ പട്ടികയിൽ പ്രസ്തുത അപേക്ഷകൻ ഉണ്ടോ എന്നു പരിശോധിച്ച് അർഹമായ വായ്പ നൽകേണ്ടതാണ്.

9. വായ്പയുടെ അംഗീകൃത അളവിലുള്ള മാർജിൻ മണിയോ താങ്ങ് പലിശയോ സർക്കാരിൽ നിന്നും ബാങ്കുകൾക്ക് ലഭ്യമാക്കുന്നതിനായി ഈ പദ്ധതിയിൽ അർഹരായവർക്ക് വായ്പ അനുവദിച്ചതിന് ശേഷം ജില്ല തിരിച്ച് **ഫാറം-2** പട്ടിക പൂരിപ്പിച്ച് സമർപ്പിക്കേണ്ടതും മാർജിൻ

മണി മാർച്ച് 2019നു ശേഷവും താങ്ങ് പലിശ ഒരു വർഷത്തിനു ശേഷവും ക്ലെയിം ചെയ്യേണ്ടതാണ്. സർക്കാർ അർഹമായ തുക ബാങ്കുകൾ നിർദ്ദേശിക്കുന്ന ബ്രാഞ്ചിലേയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതുമാണ്.

10. **2019 മാർച്ച് 31 വരെ** ദുരന്തബാധിതർക്ക് ഈ പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണ്.

ഒപ്പ്

എസ്. ഷാനവാസ്.ഐ.എ.എസ്,

സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് :-

1. ഡയറക്ടർ ഒഫ് കോ ഓപ്പറേറ്റീവ് ആഡിറ്റ്, തിരുവനന്തപുരം.
2. സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ മുഖേന))
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
5. കൺവീനർ SLBC
6. എഡിറ്റർ സഹകരണ വീഥി/ സഹകരണ ജേണൽ
7. വെബ് സൈറ്റ്
8. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)

## ഉജ്ജീവന വായ്പാ പദ്ധതി- 2018-ഫാറം-ഒന്ന്-വകുപ്പുതല ശുപാർശ

(തേനീച്ച കർഷകർ/ അലങ്കാര പക്ഷി കർഷകർ)

അപേക്ഷാ തീയതി

ഞാൻ---------------------(പേര്) , -------------ആധാർ നമ്പർ ഉള്ള എന്റെ, 2018 ലെ പ്രളയത്തിൽ നഷ്ടം നേരിട്ട -------------------നമ്പർ തേനീച്ച കൂടുകൾ ഉള്ള തേനീച്ച കൃഷി/------------നമ്പർ അലങ്കാര പക്ഷികൾ ഉള്ള പക്ഷി വളർത്തുകേന്ദ്രം പുനരാരംഭിക്കാൻ---------------(ബാങ്കിന്റെ പേരും ബ്രാഞ്ചും) ബാങ്കിൽ നിന്നും ------------------രൂപ വായ്പ എടുക്കുവാൻ ആഗ്രഹിക്കുന്നു.

എന്റെ അപേക്ഷ പരിഗണിച്ച് ഞാൻ 2018 ലെ പ്രളയത്തിൽ നഷ്ടം നേരിട്ട തേനീച്ച കർഷകൻ/ അലങ്കാര പക്ഷി കർഷകൻ ആണ് എന്ന് ബാങ്കിലേയ്ക്ക് ശുപാർശ നൽകണം എന്ന് അഭ്യർത്ഥിക്കുന്നു.

## വകുപ്പ് തല ഉദ്യോഗസ്ഥന്റെ ശുപാർശ

ശുപാർശ നമ്പർ----------------- ശുപാർശ തീയതി-------------------------------------(പേര്), --------------------ആധാർ നമ്പർ ഉള്ള കർഷകൻ/സംരംഭകൻ 2018 ലെ പ്രളയത്തിൽ നഷ്ടം നേരിട്ട തേനീച്ചകർഷകൻ/ അലങ്കാരപക്ഷി കർഷകൻ ആണ് എന്ന് എനിക്ക് പരിശോധനകളിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഈ വ്യക്തിയ്ക്ക് സർക്കാരിന്റെ ഉജ്ജീവന വായ്പ പദ്ധതിയിലൂടെ മേൽ ആവശ്യപ്പെട്ട ഉപജീവന പുനരാരംഭ വായ്പ ലഭ്യമാക്കുവാൻ ഞാൻ ശുപാർശ ചെയ്യുന്നു. സർക്കാർ ഉത്തരവ് നമ്പർ--------------തീയതി----------- പ്രകാരം, ഈ വായ്പയുടെ സർക്കാർ അംഗീകൃത അളവിൽ ഉള്ള മാർജിൻ മണിയോ , താങ്ങ് പലിശയോ (Interst Subvention) സർക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതാണ്.

**ശുപാർശ നൽകുന്ന ഉദ്യോഗസ്ഥന്റെ കൈഒപ്പ്, പേര്, സീൽ**

<u>ഉജ്ജീവന വായ്പാ പദ്ധതി- 2018-ഫാറം-രണ്ട്</u>

<u>ബാങ്കുകൾ സർക്കാരിലേയ്ക്ക് (റവന്യൂ (ഡി.ആർ.എഫ്) സെക്രട്ടറിയ്ക്ക് നൽകേണ്ടുന്ന് പട്ടിക</u>

| നമ്പർ | വായ്പ വാങ്ങിയ ദുരന്ത ബാധിതന്റെ പേര് | ദുരന്ത ബാധിതന്റെ ആധാർ നമ്പർ | ദുരന്ത ബാധിതന്റെ തരം | വിതരണം ചെയ്ത വായ്പാ തുക | ബാങ്കിന് പദ്ധതി പ്രകാരം ലഭിക്കേണ്ട തുക | മാർജിൻ മണിയോ താങ്ങ് പലിശയോ |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |

ബാങ്കിന്റെ മേധാവിയുടെ കൈഒപ്പ്, പേര്, സീൽ